**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല – പുലിക്കോട്ടിൽ ഹൈദർ സ്മാരക കലാ പഠനകേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിന് ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും തനത് ഫണ്ടിൽ നിന്നും സംഭാവന - യഥേഷ്ടാനുമതി നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.518/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 22/02/2018

---

പരാമർശം:- പുലിക്കോട്ടിൽ ഹൈദർ സ്മാരക കലാ പഠനകേന്ദ്രം വൈസ് ചെയർമാന്റെ 05/02/2018 ലെ PHSKP/2016/A1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ വണ്ടൂരിൽ സ്ഥിതി ചെയ്യുന്ന പുലിക്കോട്ടിൽ ഹൈദർ സ്മാരക കലാ പഠന കേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം നൽകണമെന്ന് പരാമർശ കത്ത് പ്രകാരം പുലിക്കോട്ടിൽ ഹൈദർ സ്മാരക കലാ പഠനകേന്ദ്രം വൈസ് ചെയർമാൻ അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ വണ്ടൂരിൽ സ്ഥിതി ചെയ്യുന്ന പുലിക്കോട്ടിൽ ഹൈദർ സ്മാരക കലാ പഠനകേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിന് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 10,000/- (പതിനായിരം) രൂപ വീതവും മുനിസിപ്പാലിറ്റികളിൽ നിന്ന് 20,000/- (ഇരുപതിനായിരം) രൂപ വീതവും തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
**സിനി ജെ ഷുക്കൂർ,**
**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം മുഖേന)
ബന്ധപ്പെട്ട മുനിസിപ്പാലിറ്റികൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം)
ചെയർമാൻ, പുലിക്കോട്ടിൽ ഹൈദർ സ്മാരക കലാ പഠനകേന്ദ്രം, വണ്ടൂർ പി.ഒ, മലപ്പുറം ജില്ല.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ